**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3440** **26-06-2024 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര മണ്ഡലത്തിലെ പ്രവൃത്തികൾക്കായി ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര മണ്ഡലത്തിൽ നടപ്പിലാക്കുന്ന ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭൂമി ഏറ്റെടുക്കാനുള്ളതെന്ന് അറിയിക്കാമോ; ഓരോ പ്രവൃത്തിയുടെയും ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്നും അവ എപ്പോൾ പൂർത്തിയാകുമെന്നും വിശദമാക്കാമോ? | (എ) | 1. കുറ്റ്യാടി പുഴയ്ക്ക് കുറുകെ റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം<br><br>കുറ്റ്യാടി-പെരിഞ്ചേരിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ് അപ്രോച്ച് റോഡ് നിർമ്മാണത്തിനായി 0.2740 ഹെക്ടർ ഭൂമി ഏറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട്, സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് ഏജൻസിയെ നിയോഗിച്ച് കൊണ്ട് 24/05/2024 തീയതിയിൽ 4(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.<br><br>2. കൊല്ലം - നെല്ല്യാടി - മേപ്പയ്യൂർ റോഡ് നിർമ്മാണം<br><br>കൊല്ലം - നെല്ല്യാടി - മേപ്പയൂർ റോഡ് വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തിയിൽ ഏകദേശം 22 ഫീൽഡുകളുടെ സർവ്വെ ജോലികൾ ബാക്കിയുണ്ട്. ഇതിനായി ഏകദേശം 85 സർവ്വെ ദിനങ്ങൾ ആവശ്യമുണ്ട്. എസ് ഐ എ അന്തിമ റിപ്പോർട്ടിന്മേലുള്ള വിദഗ്ധ സമിതിയുടെ ശിപാർശ അംഗീകരിച്ചിട്ടുണ്ട്. 11(1) വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>3. നടേരിക്കടവ് പാലം നിർമ്മാണം<br><br>നടേരിക്കടവ് പാലം നിർമ്മാണത്തിനായുള്ള എൽ.എ പ്രവൃത്തിയിന്മേൽ 11(1) വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>പേരാമ്പ്ര മണ്ഡലത്തിലെ പ്രസ്തുത ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികളുടെ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുകയും തുടർന്ന് ബന്ധപ്പെട്ട കക്ഷികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള ഫണ്ട് അർത്ഥനാധികാരി ലഭ്യമാക്കുന്ന മുറയ്ക്ക് 19(1) പ്രഖ്യാപനം നടത്തി ബന്ധപ്പെട്ട കക്ഷികൾക്ക് അവാർഡ് തുക വിതരണം ചെയ്ത് ടി |

| | | | |
|---|---|---|---|
| | | | പദ്ധതിയിലേക്കുള്ള ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ